## 2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സഹായം

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 875.00 | 100.17 | 2425-107-80-34-3 | 1210.00 |
| 125.00 | 17.50 | 4425-107-89-34-3 | 200.00 |
| 50.00 | 0.00 | 6425-107-72 | 100.00 |
| 450.00 | 0.00 | 2425-107-66-34-3 | 50.00 |
| **1500.00** | **117.67** | **ആകെ** | **1560.00** |

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

എ) വിവിധ നിയമങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, കേരള സഹകരണ വികസന ക്ഷേമ ബോർഡിന്റെ റിസ്ക്ഫണ്ട് സ്കീമിലേയ്ക്കുള്ള സംസ്ഥാന വിഹിതം 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

ബി) ഓഹരി മൂലധനസഹായം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് മാത്രമാണ് നൽകുന്നത്.
സി) സ്വയം സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള സഹായം.

ഡി) കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണസംഘത്തിനും ഗ്രാന്റായി പരമാവധി 25,000 രൂപ വീതം എന്ന നിരക്കിൽ ഒരു സാമ്പത്തിക വർഷത്തിൽ പ്രോൽസാഹനസഹായം നൽകുന്നു.

ഇ) കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് അതിന്റെ വിലയുടെ 20 ശതമാനമോ 4.00 ലക്ഷം രൂപയോ ഏതാണോ കുറവ്, അത്രയും തുക പ്രോൽസാഹന ഗ്രാന്റ് ആയി നൽകുന്നു.

എഫ്) കംപ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എടിഎം സ്ഥാപിക്കൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും സഹകരണ സംഘങ്ങളുടെയും പ്രവർത്തനത്തിനായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ സ്വായത്തമാക്കലും, സാങ്കേതികവിദ്യയുടെ നവീകരണവും, ദേശീയതലത്തിലുള്ള ഐ.റ്റി വിദഗ്ധരെ താൽക്കാലികമായി നിയമിക്കുവാനും ദേശീയതലത്തിലുള്ള ഐ.ടി സ്ഥാപനങ്ങളുടെ

സാങ്കേതിക സഹായംതേടൽ എന്നിവയ്ക്കായി പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി രൂപത്തിലുള്ള സഹായം നൽകുന്നതിന് തുക വകയിരുത്തുന്നു. സംസ്ഥാന സഹകരണ ബാങ്ക് (കേരളബാങ്ക്), പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ എന്നിവ ഈ സാങ്കേതികവിദ്യാ നവീകരണ പ്ലാറ്റ്ഫോമിന്റെ ഭാഗമായിരിക്കും.

ജി) കൺസോർഷ്യം മോഡൽ പദ്ധതികളുടെ രൂപീകരണം - കൺസോർഷ്യം മോഡൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സഹായം.

എച്ച്) നൂതന സംരംഭമായി പ്രാഥമിക സഹകരണ സംഘങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ.

മേൽ പ്രവർത്തനങ്ങൾക്കായി 2026-27 ബഡ്ജറ്റിൽ 1560.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

\